നം:ICDS.A1-5432/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 06.07.17.

## പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - ആഡിറ്റ് സർട്ടിഫിക്കേഷൻ - അധിക നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :- സാമൂഹ്യനീതി ഡയറക്ടറുടെ 27-6-17 തീയതിയിലെ മേൽ നമ്പരായുള്ള പരിപത്രം.

സംയോജിത ശിശു വികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഓഫീസുകളിലും പ്രോഗ്രാം ഓഫീസുകളിലും 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി തുക ചെലവഴിച്ചത് സംബന്ധമായ രേഖകൾ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിലേയ്ക്കായി തയ്യാറാക്കി വയ്ക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനു പുറമേ 2011-12 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുകയുടെ രേഖകൾ കൂടി പരിശോധനയ്ക്കായി തയ്യാറാക്കി വയ്ക്കേണ്ടതാണ്.

മേൽ വിവരിച്ച പ്രകാരം 2011-12, 2015-16, 2016-17 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുകയെ സംബന്ധിക്കുന്ന വൗച്ചറുകൾ, രസീതുകൾ, ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ, രജിസ്റ്ററുകൾ എന്നിവയും ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ തയ്യാറാക്കുന്നതിനും നിർദ്ദേശിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന ജൂലൈ അവസാന വാരമോ ആഗസ്റ്റ് ആദ്യവാരമോ ഉണ്ടാകുമെന്നതിനാൽ മേൽ പറഞ്ഞ തയ്യാറെടുപ്പുകൾ ഉടനെ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

K Sudharsan

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

S 7-Jul-17